മുഖ്യവനപാലകൻ (സംരക്ഷണം) - അംഗം

ഡയറക്ടർ (ട്രൈബൽവെൽഫയർ) - അംഗം

(ബി) പ്രസ്തുത കമ്മിറ്റി പുതുതായി കണ്ടെത്തിയ ഭൂമിയുടെ വിതരണം ആരംഭിച്ചിട്ടില്ല. വിതരണത്തിനായുള്ള ഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കാൻ നിയമവ്യവസ്ഥ

147 (1039) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനായി നിലവിൽ എന്തെങ്കിലും നിയമവ്യവസ്ഥയുണ്ടോ ;

(ബി) എങ്കിൽ വിശദീകരിക്കുമോ ;

(സി) അട്ടപ്പാടി പ്രദേശത്ത് ഭവാനി-ശിരുവാണി നദീ തീരങ്ങളിലെ ഫലപുഷ്ടിയുള്ള ഭൂമി കുറഞ്ഞ തുകയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ പാട്ടം നൽകുന്നത് അനുവദിച്ചിട്ടുണ്ടോ ; അല്ലാത്തപക്ഷം ആദിവാസികൾ നൽകിയിട്ടുള്ള പാട്ടഭൂമി അവർക്കു തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999-ലെ കേരള പട്ടികവർഗ്ഗ 'ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശസ്ഥാപനവും' നിയമത്തിൽ ആദിവാസി ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിന് വ്യവസ്ഥയുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമിയ്ക്ക് പകരം ഭൂമി നൽകാൻ നടപടി

148 (1040) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമിക്കുപകരം ഭൂമി നൽകുന്നത് സംബന്ധിച്ച് ഏതെങ്കിലും ആദിവാസി സംഘടനകളുമായി ഈ സർക്കാർ കരാർ ഉണ്ടാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആദിവാസി കുടുംബങ്ങൾക്ക് എത്ര ഭൂമി നൽകാനാണ് സർക്കാർ തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതുവരെ എത്ര ഭൂമി വിതരണം ചെയ്തുവെന്നും ഇനി എത്ര നൽകുവാനുണ്ട് എന്നും അറിയിക്കാമോ ;

(ഡി) നൽകുവാനുള്ള ഭൂമി എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഭൂമിയില്ലാത്ത ആദിവാസി കുടുംബത്തിന് ഭൂമിയുടെ ലഭ്യത അനുസരിച്ച് ഒരേക്കർ മുതൽ 5 ഏക്കർവരെ ഭൂമി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) 1429 കുടുംബങ്ങൾക്കായി 913.19 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പരമാവധി വേഗത്തിൽ ഭൂമി വിതരണം പൂർത്തിയാക്കുവാൻ ശ്രമിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം

149 (1041) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് ജില്ലയിലെ എത്ര ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഈ പ്രവർത്തനം എന്നുതുടങ്ങും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമി വിതരണം ചെയ്തിട്ടില്ല.

(ബി&സി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ആദിവാസി കോളനികൾക്ക് അംഗീകാരം ലഭിക്കാൻ നടപടി

150 (1042) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി അസംബ്ലി നിയോജക മണ്ഡലത്തിലെ അടിച്ചിൽക്കൊടി, അരൈക്കാവ്, വെട്ടിച്ചുടുക്കാട് എന്നീ സ്ഥലങ്ങളെ ആദിവാസി കോളനികളായി

LIBRARY ARCHIVES Kerala Legislative Assembly